# കേശവദേവിന്റെ കഥകൾ

"ചില സാഹിത്യകാരന്മാർ പറയുന്നു, വായനക്കാരെ വിനോദിപ്പിക്കുവാൻ വേണ്ടിയാണ് അവർ എഴുതുന്നതെന്ന്. വിനോദിപ്പിക്കുന്ന ജോലി എനിക്കുള്ളതല്ല. അതു 'ബഫൂൺ'മാർക്കുള്ളതാണ്. അവർ ആ ജോലി നിർവ്വഹിച്ചുകൊള്ളട്ടെ. മറ്റു ചില സാഹിത്യകാരന്മാർ പറയുന്നു, തത്ത്വസംഹിതകൾ പ്രചരിപ്പിക്കുവാൻവേണ്ടിയാണ് അവർ എഴുതുന്നതെന്ന്. ഞാൻ ഒരു തത്ത്വസംഹിതയുടെയും പ്രചാരകനല്ല. നിത്യപച്ചയായ ജീവിതവൃക്ഷത്തിൽ ഓരോ കാലഘട്ടത്തിൽ ഉണ്ടാകുന്ന കായ്കളാണ് തത്ത്വശാസ്ത്രങ്ങളെന്നും അവയെല്ലാം പഴുത്തു കൊഴിഞ്ഞുപോകുമെന്നും ഞാൻ വിശ്വസിക്കുന്നു. പിന്നെ ചില സാഹിത്യകാരന്മാർ പറയുന്നു, ഭാഷയോടും സാഹിത്യത്തോടും അവർക്കു കടമയുണ്ടെന്ന്; ആ കടമ തീർക്കുവാൻവേണ്ടി അവർ എഴുതുകയാണെന്ന്. എനിക്കു ഭാഷയോടും സാഹിത്യത്തോടും എന്തെങ്കിലും കടമയുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. എന്റെ കടമകൾ, എന്നോടും എന്റെ സഹോദരജീവികളോടുമാണ്. ആ കടമകൾ നിറവേറ്റുവാനുള്ള മാർഗ്ഗങ്ങളിലൊന്ന് എഴുതുകയാണ്. അതുകൊണ്ട് ഞാൻ എഴുതുന്നു. സാഹിത്യം എനിക്കൊരു പ്രശ്നമല്ല. ജീവിതമാണെന്റെ പ്രശ്നം."

കേശവദേവിന്റെ ഏറ്റവും മികച്ച കഥകളുടെ സമാഹാരം

കവർ ഡിസൈൻ: എൻ. അജയൻ

ഡിസി ബുക്സ്
www.dcbooks.com
കഥ

ISBN 978-81-264-3167-0
9 788126 431670 00002
E-book available

₹ 325

കേശവദേവിന്റെ കഥകൾ

8M3.01
477

dcb



8M3.01
CASMTVK BKS
477

# കേശവദേവിന്റെ കഥകൾ

dcb

Library TVK
7

8M3.01
CASMTVK BKS
477



COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 477 Call No.

This book should be returned on or before the date last given below.

15-016
4 MAR 2016
14-009
20 APR 2016
14-009
29 APR 2016
14-009
10/5/16
14-009
6 JUN 2016
7 DEC 2016
1776
18 APR 2018

**പി. കേശവദേവ്**
**(1905–1983)**

1905 ഓഗസ്റ്റിൽ ജനിച്ചു. യഥാർത്ഥ നാമം കേശവപിള്ള. പണ്ഡിറ്റ് ഖുശിറാമിന്റെ ചിന്തകളിൽ ആകൃഷ്ടനായി ആര്യസമാജത്തിൽ ചേർന്ന് കേശവദേവ് എന്ന പേരു സ്വീകരിച്ചു. പിന്നീട് യുക്തിവാദിപ്രസ്ഥാനത്തിന്റെ പ്രവർത്തകനായി രാഷ്ട്രീയത്തിൽ പ്രവേശിച്ചു. തൊഴിലാളിപ്രസ്ഥാനങ്ങൾക്ക് നേതൃത്വം നല്കി. സ്വദേശാഭിമാനി, രാജഭാരതം, പ്രതിദിനം, മഹാത്മാ എന്നീ ആനുകാലികങ്ങളുടെ പത്രാധിപരായിരുന്നു. 1930–കളിൽ മലയാള കഥാസാഹിത്യത്തിന് നേതൃത്വം നല്കി. ആദ്യനോവൽ *ഓടയിൽനിന്ന്*. എൺപതോളം കൃതികൾ പ്രസിദ്ധപ്പെടുത്തി. *അയൽക്കാർ* 1964–ലെ സാഹിത്യ അക്കാദമി അവാർഡും ’70–ലെ സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡും നേടി. കേരള സാഹിത്യ അക്കാദമിയുടെയും സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെയും പ്രസിഡന്റായിരുന്നു. കുറച്ചുകാലം ആകാശവാണിയിൽ പ്രൊഡ്യൂസറായി ജോലി ചെയ്തു. കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് ലഭിച്ചിട്ടുണ്ട്. 1983 ജൂലൈ ഒന്നിന് അന്തരിച്ചു.

പി. കേശവദേവിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ*
ഓടയിൽനിന്ന്
കണ്ണാടി
സഖാവ് കാരോട്ട് കാരണവർ
അയൽക്കാർ
പങ്കലാക്ഷീടെ ഡയറി
വെളിച്ചം കേറുന്നു

*കഥ*
‘പ്രതിജ്ഞ’യും മറ്റ് പ്രധാന കഥകളും
കേശവദേവിന്റെ കഥകൾ

*ആത്മകഥ*
എതിർപ്പ്

പി. കേശവദേവ്

# കേശവദേവിന്റെ കഥകൾ

ഡി സി ബുക്സ്

# കഥകൾ


| | |
|---|---|
| ത്യാഗം | 11 |
| അച്ഛനും മകനും | 24 |
| അന്നത്തെ നാടകം | 27 |
| ജയിലിൽനിന്ന് | 37 |
| നായരീഴവലഹള | 53 |
| വില്പനക്കാരൻ | 59 |
| തസ്കരസംഘം | 76 |
| ബസ്സുയാത്ര | 83 |
| സുഹൃത്ത് | 90 |
| കൊടുങ്കാറ്റ് | 100 |
| അജ്ഞാതകവി | 114 |
| ഭാവിവരൻ | 127 |
| നഴ്സ് | 139 |
| സഖാക്കൾ | 150 |
| കളിത്തോഴി | 157 |
| കൂൾഡ്രിങ്ക് | 168 |
| അവളുടെ ആത്മകഥ | 173 |
| നിക്ഷേപം | 185 |
| ഭാവന | 190 |
| കവി | 198 |
| പ്രതിജ്ഞ | 207 |
| ഗായകി | 226 |
| അയൽക്കാരി | 248 |
| ദീനാമ്മ | 261 |
| ചാന്തുപൊട്ട് | 276 |
| കാഥികൻ | 281 |
| പ്രതീക്ഷ | 291 |
| സ്ത്രീധനം | 298 |
| യമുന ഏകാഗ്രമായി ഒഴുകുന്നു | 308 |
| ഗുസ്തി | 316 |

അച്ഛനും ഭാര്യയും 322
ഉഷസ്സ് 336
അനിയൻ 347
കൊല്ലരുതനിയാ, കൊല്ലരുത്! 356
കണ്ണടക്കച്ചവടക്കാർ 363
'നാളെ'യ്ക്കുവേണ്ടി 371
വായനശാല വാസൂള്ള 382
*അനുബന്ധം: ജീവിതചക്രം (നാടകം)* 398

# ത്യാഗം

അയാൾ ജീവിതത്തിന്റെ നിമിഷങ്ങളെ എണ്ണുകയാണ്. സുന്ദരിയും പ്രേമവതിയുമായ ഭാര്യ, കോമളനും ബുദ്ധിമാനും വാത്സല്യഭാജനവുമായ പുത്രൻ, സംസ്കാരസമ്പന്നരായ സ്നേഹിതന്മാർ, പിതൃസ്വമായി ലഭിച്ചതും സ്വപ്രയത്നംകൊണ്ടു സമ്പാദിച്ചതുമായ ധനം—അതിനെയെല്ലാം ഉപേക്ഷിച്ച് അയാൾ അങ്ങ് പോകണം.

രോഗി കണ്ണടച്ചു നിശ്ചലനായി കിടക്കുകയാണ്. പക്ഷേ, അയാൾക്കു തികച്ചും ബോധമുണ്ട്. മരണത്തിന്റെ മാനസികവും കായികവുമായ വേദനകളെ സുബോധത്തോടുകൂടി അനുഭവിച്ചു മരിക്കണമെന്നുള്ളതാണ്, ക്ഷയരോഗത്തിന്റെ ഭയങ്കരത! അതുകൊണ്ടുതന്നെയാണ് ആ രോഗത്തിന്നു രോഗരാജൻ എന്ന പേരു ലഭിച്ചതും.

ചന്ദ്രിക ഉത്കണ്ഠാകുലയായി, രോഗിയുടെ തലയ്ക്കുതന്നെ ഇരിക്കുന്നുണ്ട്. രോഗശയ്യയുടെ അരികിലുള്ള മേശമേൽ കത്തിക്കൊണ്ടിരിക്കുന്ന 'ടേബിൾലാംപി'ന്റെ പ്രകാശത്തിൽ, അവൾ ഭർത്താവിന്റെ മുഖത്തുണ്ടാകുന്ന ഓരോ മാറ്റത്തെയും ഭീതിയോടുകൂടി നോക്കിക്കൊണ്ടിരുന്നു. മരണത്തിന്റെ ബന്ധനത്തിൽക്കിടന്നു പുളയുന്ന പ്രാണന്റെ ഞരങ്ങലുകളും ഘടികാരത്തിന്റെ ക്രമം തെറ്റാതെയുള്ള 'ടിക്, ടിക്' ശബ്ദവും മാത്രമേ ആ മുറിയിലെ നിശ്ശബ്ദതയെ ഭഞ്ജിച്ചിരുന്നുള്ളൂ. രാത്രിയുടെ പ്രഥമയാമം അവസാനിച്ചിരുന്നു.

ചന്ദ്രിക ഘടികാരത്തിൽ നോക്കിയിട്ട്, മേശമേൽനിന്ന് ഔൺസുഗ്ലാസും കുപ്പിയും എടുത്തു. അവൾ മരുന്നു പകർന്നു രോഗിയുടെ വായിൽ ഒഴിച്ചുകൊടുത്തു.

രോഗി കണ്ണു തുറന്നു. അയാളുടെ മുഖത്ത് ഒരു പ്രസന്നത ദൃശ്യമായി. "ചന്ദ്രീ, എനിക്ക് എഴുന്നേൽക്കണം." അയാൾ വ്യക്തമായും ദൃഢമായും പറഞ്ഞു.

ചന്ദ്രിക ഭർത്താവിനെ എഴുന്നേല്പിച്ചിരുത്തി.

"എനിക്ക് ഒരു സുഖം തോന്നുന്നു." രോഗി ആഹ്ലാദത്തോടുകൂടി പറഞ്ഞു.

ചന്ദ്രിക രോഗിയുടെ മുഖത്തു സൂക്ഷിച്ചുനോക്കി. അവളും ആഹ്ലാദംകൊണ്ടു.

"അമ്മേ, ഡാക്ടരമ്മാവൻ വന്നു" ഇങ്ങനെ പറഞ്ഞുകൊണ്ട്, ചാരിയിരുന്ന വാതിൽ തുറന്ന് ബാലൻ അകത്തുകടന്നു.